# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2513 — 18-02-2016-ൽ മറുപടിയ്ക്ക്

## സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.പി. ജയരാജൻ**<br>**ശ്രീ. ബാബു. എം. പാലിശ്ശേരി**<br>**ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീമതി.കെ.കെ. ലതിക** | | **ശ്രീ. എ.പി. അനിൽകുമാർ,**<br>(പട്ടികജാതി - പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയോ; ആകെ എത്ര കോളനികൾ ഉണ്ടെന്നും അതിൽ എത്രയെണ്ണം സ്വയം പര്യാപ്തമാക്കാൻ സാധിച്ചെന്നും അറിയിക്കാമോ; | എ) | പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയം പര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല. 2008 ലെ കിലയുടെ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അൻപതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികൾ കണ്ടെത്തുകയും പദ്ധതിയുടെ ഒന്നാം ഘട്ടം എന്ന നിലയിൽ 2012-13 വർഷം 114 കോളനികളേയും, രണ്ടാം ഘട്ടത്തിൽ 2013-14 വർഷം 102 കോളനികളേയും തെരഞ്ഞെടുത്തിരുന്നു. എന്നാൽ 2012-13 വർഷം തെരഞ്ഞെടുത്ത 114 കോളനികളിൽ ഒരു കോളനിയിലെ വികസന പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ നിറുത്തിവച്ചിരിക്കുകയാണ്. ആകെ 215 കോളനികളെയാണ് സ്വയം പര്യാപ്തഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ടി കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കോളനികളിലെ പ്രവർത്തികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ അറിയിക്കുമോ; | ബി)യും സി)യും | 2012-13, 2013-14 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുത്ത 215 കോളനികളിലെ വികസന പ്രവർത്തനങ്ങൾ ടി കോളനികളിലെ തർക്കങ്ങൾ കാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയായതിനു ശേഷം പുതിയ കോളനികളിൽ നടപ്പിലാക്കിയാൽ മതിയെന്ന് തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |
| സി) | കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ പദ്ധതിയിൽ പുതുതായി ഒരു കോളനിയെയും ഉൾപ്പെടുത്താതിരുന്നതെന്തു കൊണ്ടാണ് ; പദ്ധതി ഉപേക്ഷിച്ചോ ? | | |

സെക്ഷൻ ഓഫീസർ